# മടിയിൽ നിറയെ മഞ്ചാടിമണികളുമായി

സുന്ദർ



മടിയിൽ നിറയെ മഞ്ചാടിമണികളുമായി

സുന്ദർ

(മലയാളം: കഥ)

© 2021 Author

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Red Lucky Seed, a Adenanthera pavonina-Red Lucky Seed. From Cherthala by Renjusplace. The image is taken from Wikimedia Commons and is gratefully acknowledged.

# മടിയിൽ നിറയെ മഞ്ചാടിമണികളുമായി

ആംബുലൻസിനും സൈക്കിളിനുമൊഴികെ ഒരു വാഹനത്തിനും പ്രവേശനമില്ല എന്നെഴുതിയ ബോർഡിന്റെയടുത്തായി ശങ്കർ കൊണ്ടേസ പാർക്ക് ചെയ്തു. ക്യാമറയും റെക്കാർഡറുമടങ്ങുന്ന ബാഗ് ചുമലിലിട്ട് നടന്നു.

എന്തൊരിടമാണ്. നിറയെ മരങ്ങൾ. ഈട്ടിയും, വാകയും, പ്ളാവും, മാവും, രാജമല്ലിയും, പേരറിയാത്ത അനവധി മരങ്ങളും. പലയിടങ്ങളിലും പച്ചപ്പിനിടയ്ക്ക് കാണാവുന്ന കെട്ടിടങ്ങളുടെ മനോഹരമായ മുഖപ്പുകൾ.

ഏതോ ഒരു കോണിൽ നിന്നും അനിത നടന്നെത്തി. നന്നായൊന്ന് പുഞ്ചിരിച്ചു. ശങ്കർ അവളുടെ തലയിൽ വെറുതെ വലംകൈ കൊണ്ട് ഉലച്ചു. അവൾ ഒഴിഞ്ഞുമാറി, ചിരിച്ച് വീണ്ടും ഒപ്പം നടന്നു.

ഒററയടിപ്പാതയുടെ ഒരു വശത്തായ് പടർന്നു പന്തലിച്ച് തണൽ വിരിച്ച ഒരു മഞ്ചാടി മരത്തിന്റെ ചോട്ടിൽ ഒരു വീൽ ചെയർ. അതിന്റെയടുത്തായ് മരത്തിൽ ചാരിയിരിക്കുന്ന വൃദ്ധയായൊരു ആംഗ്ളോ ഇന്ത്യൻ സ്ത്രീ. കൈയിലെന്തോ മുറുക്കെ പിടിച്ചിരിക്കുന്നു.

അടുത്തെത്തിയപ്പോഴാണ് അവരുടെ നരച്ച ഫ്രോക്കിന്റെ മടിയിൽ നിറയെ ചുകന്ന മഞ്ചാടിമണികളാണെന്ന് കണ്ടത്.

അനിത പരിചയപ്പെടുത്തി.

ഇത് മിസ്സിസ് ഫെർണാൻഡസ്.

അവർ തലയുയർത്തി നോക്കിയതുപോലുമില്ല. കൈയിലിരിക്കുന്ന ഒരു പിടി മഞ്ചാടി അവർ മെല്ലെ, ചുകപ്പിന്റെയൊരു പ്രഭ പോലെ ഫ്രോക്കിലേക്കിട്ടു. കുറെ ചിതറി നിലത്തു വീണു. അയാൾ കുനിഞ്ഞ്, അത് പെറുക്കി, മണ്ണു തുടച്ച് കൈയിലേക്ക് വച്ചുകൊടുത്തു.

വാർദ്ധക്യം ബാധിച്ച, തെളിഞ്ഞുയർന്ന ഞരമ്പുകളോടുന്ന, വിറയാർന്ന കൈയുകൾ. അവർ തലയുയർത്തി. ചുളിഞ്ഞ് വിളറിയ മുഖത്ത് ഇളം പച്ച ഗോട്ടി പോലുള്ള കണ്ണുകൾ. കണ്ണൊന്ന് തിളങ്ങി പിന്നെ സ്വന്തം ശബ്ദത്തെപ്പോലും പേടിക്കും പോലെ പതിഞ്ഞ സ്വരത്തിൽ അവർ പറഞ്ഞു – താങ്ക്യു, താങ്ക്യു വിൽഫ്രഡ്.

അയാൾ അനിതയെ നോക്കി. അനിത, അവിടവിടെ കാണുന്ന മഞ്ചാടിമണികൾ ശേഖരിക്കുകയാണ്.

അയാൾക്കെന്ത് പറയണമെന്നറിയില്ല.

പിന്നെ മെല്ലെ എഴുന്നേററപ്പോൾ അയാൾ പറഞ്ഞു – പ്ളീസ് ഡോൻറ് മെൻഷൻ.

മിസ്സിസ് ഫെർണാൻഡസ് മുഖമൊന്ന് ഉയർത്തിയതു പോലുമില്ല.

അനിത ഒരുപിടി മഞ്ചാടി മണികളുമായ് അടുത്തെത്തി.

നടക്കാം.

ശരി.

അനിത നിന്ന്, ബാഗിൽ നിന്നും ഒരു കവറെടുത്ത്, അതിലാ മഞ്ചാടിമുത്തുകൾ മുഴുവനുമിട്ട്, പിന്നെ താർത്ഥം വാങ്ങാനെന്ന പോലെ കൈ പിടിച്ച്… ഒരു മഞ്ചാടിമണി മാത്രം ആയുർരേഖയ്ക്കും ബുദ്ധിരേഖയ്ക്കുമിടയ്ക്ക് ചുവന്ന് തിളങ്ങി. ഇതൊക്കെ പിന്നീടവർക്ക് കൊടുക്കാനാണ്. അവർ ഹാപ്പിയാവും.

ആരാണ് വിൽഫ്രഡ്? അയാൾ ചോദിച്ചു. മിസ്സിസ് ഫെർണാൻഡസിന്റെ അവസാ

നത്തെ മകൻ.

ആയാളിപ്പോഴെവിടെയാണ്?

സ്റ്റേറ്റ്സിൽ. ഏതോ അമേരിക്കൻ ഡോക്ടറെ വിവാഹം കഴിച്ച് അവിടെ കുടിയിരിക്കുകയാണ്.

ഇവിടെ വരാറില്ലേ? കത്തയയ്ക്കാറില്ലേ? അനിത നിന്നു.

മിസ്റ്റർ ഫെർണാൻഡസ് ഒരു എഞ്ചിൻ ഡ്രൈവറായിരുന്നു. ഒരു ററിപ്പിക്കൽ ആംഗ്ളോ ഇന്ത്യൻ. അവർക്ക് പതിനൊന്നു മക്കൾ. മൂന്നു കുട്ടികൾ മരിച്ചു പോയി. ബാക്കിയെല്ലാവരും വിദേശത്താണ്. മൂത്ത

മകൻ ആസ്ട്രേലിയയിൽ. ഒരു പെൺകുട്ടി ജർമ്മനിയിൽ. രണ്ടുപേർ ഗൾഫിൽ. ബാക്കിയുള്ളവർ എവിടെയാണെന്നു പോലും അറിയില്ല.

അവരൊക്കെ വരാറില്ലേ?

അനിത മുഖത്തേക്കുറ്റുനോക്കി.

ഇല്ല. നാലുവർഷം മുമ്പ് ഫെർണാൻഡസ് മരിച്ചു. മക്കളെ അറിയിക്കാൻ ആരുടെയും വിലാസം പോലും ഉണ്ടായിരുന്നില്ല. അവർ മരണവാർത്ത നാഷണൽ ഡെയ്‌ലീസിൽ പരസ്യം ചെയ്തു. എന്നിട്ടും ആരും എത്തിയില്ല.

ഒന്ന് നിറുത്തി, അനിത തുടർന്നു:

കൊച്ചു കോട്ടേജും സ്ഥലവും അടുക്കളയിൽ നിന്നിരുന്ന മിസ്സിസ് മാത്യൂസിന്റെ മകൻ വിറ്റുകൊടുത്തു. അയാൾ മാത്രമാണ് ഇടയ്ക്കിടെ വരാറ്. അയാൾ വരുമ്പോൾ സ്റ്റാമ്പുകൾ കൊണ്ടു കൊടുക്കും.

സ്റ്റാമ്പുകളോ?

അതെ.

മിസ്സിസ് ഫെർണാൻഡസിന്റെ സ്റ്റാമ്പ് കളക്ഷൻ കാണേണ്ടതാണ്. സാധാരണ ആരെ കണ്ടാലും അവർ ചോദിക്കും – ഡു യു ഹാവ് എനി സ്റ്റാമ്പ്സ് ഫോർ മൈ സൺ? ഒരു മകന്റെ ഹോബി സ്റ്റാമ്പ് കളക്ഷനായിരുന്നു. അവനു വേണ്ടി പണ്ടേ ശേഖരിക്കുമായിരുന്നു. അവൻ ചേർത്തു വച്ചതും, അവനു വേണ്ടി ചെർത്തു വച്ചതും, ഒരു നിധിപോലെ അവർ സൂക്ഷിക്കുന്നു. ആരേം തൊടാൻ കൂടി സമ്മതിക്കില്ല. ചിലപ്പോ എന്നെ ചിലത് കാട്ടിത്തരാറുണ്ട്.

ഓരോന്നിന്റെയും ചരിത്രവും അവർക്കറിയാം. മകൻ വരുമ്പോൾ കൊടുക്കാൻ വേണ്ടിയാണ് ശേഖരിക്കുന്നത്.

മഞ്ചാടിമണികളോ?

ഓ, അത് അവർക്കും മംഗളം മാമിക്കും വേണ്ടി ശേഖരിക്കുന്നതാണ്. എന്നിട്ടിടയ്ക്കിടെ അവർ രണ്ടാളും കൂടി പല്ലാംകുഴി കളിക്കും.

മിസ്സ്, ഫോൺ ഫോർ യു.

ശബ്ദം കേട്ടപ്പോഴാണ് അല്പം മാറി, അനിതയുടെ ഇടതു വശത്ത് നിൽക്കുന്ന പെൺകുട്ടിയെ കണ്ടത്. ഞാനിപ്പോ വരാം. എന്നിട്ട് പറമ്പാദ്യം കാണാം. പിന്നെ കമ്മ്യൂണിലേക്ക് പോവാം.

അയാൾ അവിടെ നിന്നു.

അനിത പെൺകുട്ടിയോടൊപ്പം നടന്നു നീങ്ങുന്നത് കണ്ടു.

ഒരു പ്ളാവിന്റെ ചോട്ടിൽ ഇഷ്ടിക കൊണ്ട് പണിഞ്ഞ വൃത്താകൃതിയിലുള്ള ബെഞ്ചിലിരുന്നു. ഇവിടെയിരുന്നാൽ പറമ്പിന്റെ പച്ചപ്പ് കാണാം.

ദൂരെ വിവിധ ആകൃതിയിലുള്ള കോട്ടേജുകൾ. അതിൽ നിറയെ വൃദ്ധരായ മനുഷ്യരായിരിക്കും. ആരോരുമില്ലാത്തവർ, മക്കൾ ഉപേക്ഷിച്ചവർ, ഭാര്യ മരിച്ചവർ, ഭർത്താവ് മരിച്ചവർ, വാർദ്ധക്യം നൽകിയ നിസ്സഹായതയോടെ പീള കെട്ടിയ കണ്ണുകളും, മങ്ങിയ ഓർമ്മകളുമായ്, കുടുംബങ്ങളുണ്ടായിരുന്നവർ.

അയാൾ മിസ്സിസ് ഫെർണാൻഡസിനെ നോക്കി. അതേ ഇരിപ്പിരിക്കുകയാണവർ. മഞ്ചാടിമണികൾ

കൈയിലെടുത്ത്, വിരലുകൾക്കിടയിലൂടെ ഫ്രോക്കിലേക്കിട്ട്, വീണ്ടുമെടുത്ത് ...

പതിനൊന്ന് പ്രസവം. എട്ട് മക്കൾ... അയാൾ മനസ്സിൽ അവരുടെ കോട്ടേജ് കണ്ടു. വൃത്തിയുള്ള കൊച്ചു വീട്. ക്രിസ്തുവിന്റെ തിരുരൂപം. കത്തിച്ച മെഴുകുതിരി. അടുക്കളയിലോരോന്ന് പാചകം ചെയ്യുന്ന മിസ്സിസ് ഫെർണാൻഡസ്.

ട്വീസറുപയോഗിച്ച് മെല്ലെ സ്റ്റാമ്പ് ഇളക്കിയെടുക്കുന്ന സ്ത്രീ. കെട്ടിപ്പിടിച്ച് താങ്ക്യൂ മമ്മീ എന്നു പറയുന്ന പൂച്ചക്കണ്ണുള്ള കുട്ടി. കുട്ടികളെ നിരത്തി കുളിപ്പിക്കുന്ന മിസ്സിസ് ഫെർണാൻഡസ്. തൊട്ടിലിൽ കരയുന്ന എഡ്വേർഡിന്റെ അപ്പി നിറഞ്ഞ തുണി, കഴുകാൻ മാററി, മറ്റൊരു തുണിയിട്ട്, അവനെ കഴുകി, മുലകൊടുത്ത്, ആട്ടിയുറക്കി... വൈകുന്നേരങ്ങളിൽ വെസ്റ്റേൺ ക്ലാസിക്കൽ കേട്ട്, ഒരു ബിയറോ അല്പം വൈനോ കുടിക്കുന്ന ഫെർണാൻഡസിനായ് അടുക്കളയിൽ ഫിംഗർ ചിപ്സുണ്ടാക്കുന്ന സ്ത്രീ. മക്കളുടെ ഓരോ വിജയത്തിനും പള്ളിയിൽ മെഴുകുതിരി കത്തിച്ച്, മദർ മേരിയോടു പ്രോർത്ഥിച്ച്, മക്കളെ കെട്ടിപ്പുണർന്ന് നിറുകയിൽ ഉമ്മവച്ച്, അവരുടെ പിഞ്ഞിപ്പോയ വേഷം തുന്നി, ഫ്രോക്ക് തുന്നി, കൈലേസ് തുന്നീ, വീട് വലയടിച്ച്, പൂന്തോട്ടം നനച്ച്, റോസ് പറിച്ച് പെൺമക്കളുടെ ഉടുപ്പിൽ ചൂടി, അവരുടെ യൂണിഫോറം കഴുകിത്തേച്ച്, ഷൂ പോളീഷ് ചെയ്ത്, മകന്റെയോ മകളുടെയോ പനികിടക്കയിലിരുന്ന് നേർത്ത തുണി നനച്ച് പൊള്ളുന്ന നെറ്റിയിൽ പതിച്ച്, മകനെയോ മകളെയോ കെട്ടിപ്പിടിച്ച്

യാത്രയയച്ച്, മാനത്തേക്ക് പറന്നുയരുന്ന വിമാനത്തിലേക്ക് കൈയുയർത്തിക്കാട്ടി –

ഒരു നിറമാർന്ന ചലചിത്രംപോലെ ഒരു ജീവിതം മുന്നിൽ നിറഞ്ഞു വരികയാണല്ലോ.

അയാൾ കണ്ണ് പൂട്ടി.

പോസ്റ്റമാനെ കാത്ത് വഴിയിൽ കണ്ണും നട്ട്, ഇന്നും ഇല്ല ഫെർണാൻഡസ് എന്നു പറഞ്ഞ്, ഫെർണാൻഡസ്സിന്റെ കിടക്കവിരി ശരിയാക്കി, ബെഡ്പാൻ മാററി വച്ചു കൊടുക്കുന്ന സ്ത്രീ. ഉത്തരത്തിൽ നോക്കി, ഒന്നുമേ ഉരിയാടാതെ കിടക്കുന്ന ഫെർണാൻഡസ്. വായിലേക്ക് ഒഴിച്ചുകൊടുക്കുന്ന മരുന്ന്. ആ പഴയ ഔൺസ് ഗ്ലാസ്.

പിന്നെ ശവമഞ്ചത്തിൽ ഫെർണാൻഡസ്. ഒരു മൂലയ്ക്ക്, കരഞ്ഞു കരഞ്ഞ് കരയാനിനി കണ്ണീരില്ലാത്ത മിസ്സിസ് ഫെർണാൻഡസ്. ഒഴിഞ്ഞ വീട്ടിൽ, ജനാലയ്ക്കടുത്ത്, ആടുന്ന കസേരയിലിരിക്കുന്ന, പിഞ്ഞിയ ഫ്രോക്കു ധരിച്ച മിസിസ്സ് ഫെർണാൻഡസ്.

അയാൾക്ക് പെട്ടെന്ന് അമ്മയെ ഓർമ്മ വന്നു. അച്ഛനെ ഓർമ്മ വന്നു. ഇന്നും അവന്റെ കത്തില്ല അല്ലേ, എന്ന അച്ഛന്റെ ഇപ്പോഴും പതറാത്ത നടക്കുന്ന അമ്മയെ കണ്ടു. അമ്മയുടെ തുവെള്ള വേഷം കണ്ടു. നെററിയിലെ സിന്ദൂരം കണ്ടു. കണ്ണിന്റെ ചോട്ടിയ കറുത്ത പാട് കണ്ടു. അമ്മ ചുട്ടു തന്ന, ഒരു കോടി കുഞ്ഞിദ്വാരങ്ങളുള്ള ദോശയുടെയും, പഞ്ഞി പോലത്തെ ഇഡ്ഡലിയുടെയും ഓർമ്മകളെത്തി. കാച്ചിയ വെളിച്ചെണ്ണയുടെ മണം ഉള്ളിൽ നിറഞ്ഞു.

ഉണ്ണി ഓടല്ലേ എന്ന ശബ്ദം കേട്ടു.

അച്ഛന്റെ വിരലു പിടിച്ച് ഊടുവഴികളിലൂടെ നടന്ന ഉണ്ണിയെ കണ്ടു.

വല്ലപ്പോഴും നിക്കൊന്ന് വന്നൂടെ? ഇടയ്ക്കിടെ കത്തെഴുതിക്കൂടെ? ഇൻലൻഡിൽ അമ്മയുടെ ഇപ്പോഴും വടിവൊത്ത കൈയക്ഷരം കണ്ടു.

അയാൾ കണ്ണു തുറന്നു.

ബെഞ്ചിന്റെയൊരു വളവിൽ അനിതയിരിക്കുന്നു.

നീ എപ്പോ വന്നു? കുറേനേരമായോ?

ഉവ്വ്.

അനിതാ, എനിക്കൊന്ന് നാട്ടീപോണ്. അമ്മയേം അച്ഛനേം കാണണം. ഞാൻ വരാം. പിന്നെ ഫീച്ചറെഴുതാം.

അനിത അടുത്തു വന്ന്, വലംകൈ കവർന്ന്, ചുമലിൽ തലോടി. അവളുടെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ, ആർദ്രത കണ്ടപ്പോൾ, അവൾക്കെല്ലാം മനസ്സിലാവുന്നു എന്ന് അയാൾക്ക് മനസ്സിലായി.

⋆ ⋆ ⋆

## സുന്ദർ



1953 ഏപ്രിൽ 23ന് തിരുവനന്തപുരത്ത് ജനിച്ചു. കഥാകൃത്ത്, നിരൂപകൻ, കാർട്ടൂൺ ചിത്രകാരൻ എന്നീ നിലയിൽ പ്രശസ്തൻ. ജീവിതപങ്കാളി ഗിരിജ. ഓസ്ട്രേലിയയിലെ സിഡ്നിയിൽ വെച്ച് 2016 നവംബർ 12ന് അന്തരിച്ചു.

## കൃതികൾ

Tragic Idiom

ഹൃദയത്തിനുള്ളിലെ ഇടം

ഈ ഭ്രാന്താലയത്തിന് നാവുണ്ടായിരുന്നെങ്കിൽ